# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 179 — 04.06.2018-ൽ മറുപടിക്ക്

### കസ്റ്റഡി മരണങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഒ. രാജഗോപാൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കസ്റ്റഡി മരണങ്ങളാണ് നടന്നിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് 5 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | പോലീസ് സ്റ്റേഷൻ | മരണപ്പെട്ടയാൾ | ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി |
|---|---|---|---|
| ആലപ്പുഴ | നൂറനാട് ക്രൈം നം. 1127/2017 | രജ്ഞ | പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| പാലക്കാട് | അഗളി ക്രൈം നം.87/2018 | മധു | പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല. |
| മലപ്പുറം | വണ്ടൂർ ക്രൈം നം. 348/2016 | അബ്ദുൾ ലത്തീഫ് | പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്തിട്ടില്ല. എന്നാൽ കേസ്സുമായി ബന്ധപ്പെട്ട് വണ്ടൂർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. സബ് ഇൻസ്പെക്ടർ സനീഷ് എസ്.ആർ, സീനിയർ സി.പി.ഒ 3494 മനോജ്, സി.പി.ഒ 4987 സതീഷ് എന്നീ മൂന്ന് പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| കണ്ണൂർ | തലശ്ശേരി ക്രൈം നം.1983/2016 | കാളിമുത്തു | പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല. എന്നാൽ ഫൈസൽ (എസ്.ഐ), രാമചന്ദ്രൻ (ജി.എ.എസ്.ഐ 4170), രമേശൻ (ജി.എസ്.ഐ 4250) എന്നീ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും ടിയാൻമാരുടെ വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| എറണാകുളം റൂറൽ | വരാപ്പുഴ ക്രൈം നം. 310/2018, 312/2018, 321/2018 | ശ്രീജിത്ത് | 1. ക്രിസ്പിൻ സാം (പോലീസ് ഇൻസ്പെക്ടർ) 2. ദീപക്ക് ജി.എസ് (സബ്ബ് ഇൻസ്പെക്ടർ)<br>3. ജയാനന്ദൻ (സബ്ബ് ഇൻസ്പെക്ടർ)<br>4. സന്തോഷ് ബേബി (എസ്.സി.പി.ഒ 8765)<br>5. ഇ.ബി. സുനിൽകുമാർ (സി.പി.ഒ 10066)<br>6. ശ്രീരാജ് (സി.പി.ഒ 11953)<br>7. സന്തോഷ് കുമാർ (സി.പി.ഒ 12510)<br>8. ജിതിൻ രാജ് (സി.പി.ഒ 12948)<br>9. സുമേഷ് എം.എസ് (സി.പി.ഒ 12593) എന്നീ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. ടി കേസുമായി ബന്ധപ്പെട്ട് ഗ്രേഡ് എ.എസ്.ഐ സുധീറിനെ പ്രതിപട്ടികയിൽ ചേർത്തിട്ടില്ല. എന്നാൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് വകുപ്പുതല |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എറണാകുളം റൂറൽ ജില്ലയിലെ പോലീസ് മേധാവിയായിരുന്ന ശ്രീ. എ.വി. ജോർജ്ജിനെയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിച്ചു വരുന്നു. |